**ദിയാഅ്** എന്ന വാക്ക് ശ്രദ്ധിക്കുക. പ്രകാശം എന്നർഥം. വാക്കുകൾ ഓർത്തിരിക്കണം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| പ്രകാശം | ദിയാഅ് | ضِ يَ ا ء | ضِيَاء |

**ദയ്യിഖ്** എന്ന പദത്തെ പരിചയപ്പെടുക. ഇടുക്കം എന്നാണ് അതിന്റെ ഭാഷർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഇടുക്കം | ദയ്യിഖ് | ضَ يِّ ق | ضَيِّق |

**ത്വുമഅ്നീനത്** എന്ന വാക്കാണ് ഇനി പഠിക്കുന്നത്. ശാന്തത, സമാധാനം എന്നൊക്കെയാണ് അതിനർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| | | طُ مَ أْ نِ ي نَ ة | طُمَأْنِينَة |

**ത്വർബൂഷ്** എന്ന വാക്ക് അറബിയിലുണ്ടെങ്കിലും അത് പ്രയോഗത്തിലില്ല. തുർക്കിത്തൊപ്പി പോലുള്ള തൊപ്പിക്ക് പറയുന്ന പേരാണത്. തൊപ്പി എന്ന് നാം പഠിക്കുക.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| തൊപ്പി | ത്വർബൂഷ് | طَ رْ بُ و ش | طَرْبُوش |

ദാഹത്തിന് അറബിയിൽ ളമഉൻ എന്നും ദാഹാർത്തന് **ളംആൻ** എന്നും പറയുന്നു.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ദാഹാർത്തൻ | ളംആൻ | ظَ مْ آ ن | ظَمْآن |

(അ എന്ന അക്ഷരത്തെ ദീർഘമാക്കാനാണ് അതിന് മുകളിൽ വിലങ്ങായി ഒരു വരയിട്ടത്. അപ്പോൾ അത് ആ എന്നായി മാറും. എല്ലാ അക്ഷരത്തിന് അത് ബാധകമാണ്.)

ളുഫ്ർ എന്നാൽ നഖമാണെന്ന് നേരത്തെ പഠിച്ചു. **ളുഫ്റാനി** എന്നാൽ രണ്ട് നഖം എന്നർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| രണ്ട് നഖം | ളുഫ്റാനി | ظُ فْ رَ ا نِ | ظُفْرَانِ |

ശരിക്ക് എഴുതിശീലിച്ചെങ്കിൽ മാത്രമേ ഈ വാക്കുകൾ ഓർമയിൽ നിൽക്കുകയുള്ളൂ. അതിനാൽ കഴിയുന്നത്ര പേപ്പറിൽ എഴുതി പഠിക്കുക.